കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് –പെരുമ്പാവൂർ നഗരസഭയുടെ ഓഫീസ് ആവശ്യങ്ങൾക്ക് ഒരു ജീപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:488/2012/തസ്വഭവ തിരുവനന്തപുരം, തീയതി:17/2/2012**

---

**പരാമർശം:– 1. 30/5/2011–ലെ പെരുമ്പാവൂർ നഗരസഭാ കൗൺസിലിന്റെ 12–ാം നമ്പർ തീരുമാനം.**

**2. പെരുമ്പാവൂർ നഗരസഭാസെക്രട്ടറിയുടെ 14/6/11–ലെ PW3-6790/11 നമ്പർ കത്ത്.**

**3. നഗരകാര്യഡയറക്ടറുടെ 6/7/11–ലെ ഡിസി3–9006/11 നമ്പർ കത്ത്.**

**ഉത്തരവ്**

**പെരുമ്പാവൂർ നഗരസഭയുടെ 2011–12 വർഷത്തെ ബജറ്റിൽ B(A)(4)(3) ഹെഡിൽ വകയിരുത്തിയിട്ടുള്ള 14 ലക്ഷം രൂപയിൽ നിന്നും തുക കണ്ടെത്തി നഗരസഭയുടെ ഓഫീസ് ആവശ്യങ്ങൾക്കായി മഹീന്ദ്രാ കമ്പനിയുടെ ഒരു ബൊലേറോ ജീപ്പ് വാങ്ങുന്നതിന് പരാമർശം (1) പ്രകാരം നഗരസഭ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. നഗരസഭയുടെ അപേക്ഷ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭയുടെ 2011–12 വർഷത്തെ ബജറ്റിൽ B(A)(4)(3) ഹെഡിൽ വകയിരുത്തിയിരിക്കുന്ന 14,00,000/– (പതിനാലു ലക്ഷം) രൂപയിൽ നിന്നും തുക കണ്ടെത്തി നഗരസഭയുടെ ഔദ്യോഗികാവശ്യങ്ങൾക്കായി മഹീന്ദ്രാ കമ്പനിയുടെ ഒരു ബൊലേറോ ജീപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**വി.ശോഭ**

**അഡീഷണൽ സെക്രട്ടറി**

**1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം**
**2. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം**
**3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം**
**4. സെക്രട്ടറി/ പ്രസിഡന്റ്, പെരുമ്പാവൂർ നഗരസഭ, എറണാകുളം**
**5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
**6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി**

**ഉത്തരവിൻ പ്രകാരം**

Sub

**സെക്ഷൻ ഓഫീസർ.**